പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4026 — 21.10.2016-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. യുടെ വാർഷിക പെൻഷൻ ബാധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>'' എം. മുകേഷ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യുടെ വാർഷിക പെൻഷൻ ബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17-ലെ വാർഷിക പെൻഷൻ ബാദ്ധ്യത 675 കോടി രൂപയാകുന്നു. |
| (ബി) | പെൻഷൻ ബാധ്യത വഹിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യ്ക്ക് സർക്കാർ വിഹിതം നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇപ്പോഴത്തെ പ്രതിമാസ പെൻഷൻ ബാദ്ധ്യതയുടെ പകുതിയായ 27.5 കോടി രൂപ സർക്കാർ വിഹിതമായി എല്ലാ മാസവും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ചു നൽകുന്നുണ്ട്. ഇപ്രകാരം തുക അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി. 27.5 കോടി രൂപ എല്ലാ മാസവും ട്രഷറിയിൽ നിക്ഷേപിക്കുന്ന മുറയ്ക്കാണ്. |
| (സി) | ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | 214.40 കോടി രൂപ. |
| (ഡി) | കെ. എസ്. ആർ. ടി. സി. യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പെൻഷൻ ബാധ്യതയുടെ പകുതി സർക്കാരിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ